(ബി) പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിലുള്ള കെട്ടിടത്തിന് അത്യാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അധികമായി സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, റീഡിംഗ് റൂം, വാച്ച്മാൻ ക്യാബിൻ എന്നിവ നിർമ്മിക്കുന്നതിനായുള്ള 4,11,00,000 (നാല് കോടി പതിനൊന്ന് ലക്ഷം രൂപ) രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് വാഹനം വാങ്ങി നൽകുന്നതിനായി ലഭിച്ച പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അത്യാവശ്യഘട്ടങ്ങളിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കാവുന്നതിനാലും മറ്റ് ആവശ്യങ്ങൾക്ക് വാഹനങ്ങൾ വാടകയ്ക്കും കരാർ അടിസ്ഥാനത്തിലും എടുക്കാമെന്നതിനാലും സ്കൂളിന് സ്വന്തമായി വാഹനം വാങ്ങണമെന്ന നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടില്ല.

ആദിവാസി പുനരധിവാസ മിഷൻ

320 (670) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന സ്ഥലം പതിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട് ; ഇനി എത്ര പേർക്ക് നൽകാനുണ്ട് ; വിശദമാക്കുമോ ;

(ബി) നെല്ലിയാമ്പതിയിലെ മുഴുവൻ ആദിവാസി വിഭാഗക്കാർക്കും വീടും സ്ഥലവും നൽകുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ടി.ആർ.ഡി.എം. മുഖേന നിലവിൽ ഭൂമി പതിച്ചു നൽകിയിട്ടില്ല. തെരഞ്ഞെടുത്തിട്ടുള്ള 133 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിനായി കാടുവെട്ടിത്തെളിച്ച് സർവ്വേ ചെയ്ത് പ്ലോട്ടുകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ ചിറ്റൂർ തഹസിൽദാർ മുഖേന സ്വീകരിച്ചു വരുന്നു.

(ബി) ടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം പതിച്ചു നൽകുന്ന മുറയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണം ഉൾപ്പെടെ സമഗ്ര പദ്ധതി നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly